**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2309** 09.12.2014- ലെ മറുപടിക്ക്

**സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി. എ മാധവൻ**<br>**വി.ഡി സതീശൻ**<br>**തേറമ്പിൽ രാമകൃഷ്ണൻ**<br>**എം.എ വാഹിദ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. | (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നടത്തിയ 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 16293 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) എത്ര രൂപയാണ് ഇതു വഴി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കുമോ? | (ബി) 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ട തുക ചുവടെ ചേർക്കുന്നു.<br><br>നവംബർ 2011 3000 കോടി രൂപ<br>ഡിസംബർ 2012 4500 കോടി രൂപ<br>ഡിസംബർ 2013 5000 കോടി രൂപ |
| സി) നിക്ഷേപ സമാഹരണത്തിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) ഇതിലൂടെ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>നവംബർ 2011 4425.09 കോടി രൂപ<br>ഡിസംബർ 2012 5194.36 കോടി രൂപ<br>ഡിസംബർ 2013 6674.00 കോടി രൂപ |

| | |
|---|---|
| ഡി) നിക്ഷേപ സമാഹരണത്തിൽ പ്രസ്തുത നേട്ടം കൈവരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (ഡി) നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിന് നിക്ഷേപകരുടെ വിശ്വാസം ആർജിക്കേണ്ടതുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും, വിശ്വാസം ആർജിക്കുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| ഇ) ഇതിനായി ഏതെല്ലാം തരം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് സഹകരിച്ചത്; വിശദമാക്കുമോ? | (ഇ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളാണ് നിക്ഷേപ സമാഹരണ യജ്ഞത്തിൽ സഹകരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**